ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം

**No. Ex.II (1)/16956/HSE/2015** തീയതി : **21/07/2015**

## <u>സർക്കുലർ</u>

വിഷയം :- ഹയർ സെക്കന്ററി വിഭാഗം – 2015 മാർച്ചിലെ ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷാഫലപ്രഖ്യാപനം – സംബന്ധിച്ച്.

2015 മാർച്ചിൽ നടന്ന ഒന്നാം വർഷ ഹയർസെക്കന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം www.dhsekerala.gov.in, www.keralaresults.nic.in, www.prd.kerala.gov.in, എന്നീ സൈറ്റുകളിൽ ലഭ്യമാണ്. ഉത്തരക്കടലാസ്സുകളുടെ പുന:ർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധന നടത്തുന്നതിനും, ഫോട്ടോകോപ്പി ലഭിക്കുന്നതിനും നിശ്ചിത ഫോറങ്ങളിൽ അപേക്ഷകൾ ഫീസ് സഹിതം മാർച്ചിലെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിലെ പ്രിൻസിപ്പാളിന് 30/07/2015 –നകം സമർപ്പിക്കേണ്ടതാണ്. **ഫീസ് വിവരം:** പുനർമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 500 രൂപ ഉത്തരക്കടലാസ്സുകളുടെ ഫോട്ടോകോപ്പിയ്ക്ക് പേപ്പർ ഒന്നിന് 300 രൂപ, സൂക്ഷ്മപരിശോധനയ്ക്ക് പേപ്പർ ഒന്നിന് 100 രൂപ. യാതൊരു കാരണവശാലും അപേക്ഷകൾ ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. അപേക്ഷാ ഫോറങ്ങൾ സ്കൂളുകളിലും ഹയർസെക്കന്ററി പോർട്ടലിലും ലഭ്യമാണ്. സ്കൂളുകളിൽ ലഭിക്കുന്ന പൂരിപ്പിച്ച അപേക്ഷകൾ പരീക്ഷാസെക്രട്ടറി നൽകുന്ന സോഫ്ട്വെയർ ഉപയോഗിച്ച് 05/08/2015 – നകം പ്രിൻസിപ്പൽമാർ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

സെപ്റ്റംബർ 1 – ാം തീയതി മുതൽ ആരംഭിക്കുന്ന ഹയർ സെക്കന്ററി ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ നോട്ടിഫിക്കേഷനും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പരീക്ഷാ തീയതി | – | 01/09/2015, 02/09/2015, 03/09/2015, 07/09/2015, 08/09/2015 |
| അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | – | 27/07/2015. |
| ഫീസൊടുക്കേണ്ട അവസാന തീയതി | – | 29/07/2015. |
| ഡേറ്റാ അപ്‌ലോഡ് ചെയ്യേണ്ട തീയതി | – | 30/07/2015. |

ഒപ്പ്
സെക്രട്ടറി,
ബോർഡ് ഓഫ് ഹയർസെക്കന്ററി
എക്സാമിനേഷൻസ്, കേരളം.